പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയം

ഹയർസെക്കൻററി വിഭാഗം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,

ശാന്തി നഗർ,തിരുവനന്തപുരം.

email id –jdexamdhse@gmail.com

phone-0471-2323192

HSE/27527/2025-Exam II-1-Part(2) 16-01-2026

<u>സർക്കുലർ</u>

വിഷയം : -പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻററി

വിദ്യാഭ്യാസം- 2026 മാർച്ചിലെ ഹയർ സെക്കൻററി പരീക്ഷ-

കണ്ടോണേഷൻ ലിങ്ക് - സംബന്ധിച്ച് .

സൂചന : 29/10/2025 ലെ EX II-01/ 4500/ HSE /2025 നമ്പർ പരീക്ഷാ

വിജ്ഞാപനം.

2026 മാർച്ചിലെ ഹയർസെക്കൻററി പരീക്ഷയ്ക്ക് ഹാജരിളവിനുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനിലൂടെയാണ് സമർപ്പിക്കേണ്ടത്. ഹാജരിളവിനുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് hseportal ൽ ഇപ്പോൾ ലഭ്യമാണ്. ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിശദാംശങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ്.

- സ്കൂളിലെ Institution Level Approver മൊബൈൽ നമ്പർ ഉപയോഗിച്ച് https://hseportal.kerala.gov.in/ എന്ന സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം Employee Management എന്ന menu ഉപയോഗിച്ച് ഒരു അധ്യാപകന് Condonation എന്ന Role അനുവദിക്കേണ്ടതാണ്. മറ്റൊരു അധ്യാപകൻറെ അഭാവത്തിൽ Institution Level Approver – ക്കു തന്നെ Condonation Role – ഉം സ്വീകരിക്കാവുന്നതാണ്.
- ഇത്തരത്തിൽ Condonation Role അനുവദിക്കപ്പെട്ട അധ്യാപകൻ ടി സൈറ്റിൽ വ്യക്തിഗത മൊബൈൽ നമ്പർ രേഖപ്പെടുത്തി ലോഗിൻ ചെയ്യേണ്ടതും, യൂസർ പ്രൊഫൈൽ മെനുവിൽ "Operating as Condonation" എന്ന മെനു തിരഞ്ഞെടുക്കേണ്ടതും, തുടർന്ന് Dashboard – ലെ Condonation എന്ന ലിങ്കിൽ പ്രവേശിക്കേണ്ടതുമാണ്.
- തുടർ ന്ന് Students List എന്ന മെനു ഉപയോഗിച്ചോ, New Application എന്ന മെനു ഉപയോഗിച്ചോ Condonation വിവരങ്ങൾ രേഖപ്പെടുത്തി പരീക്ഷാ നോട്ടിഫിക്കേഷനിൽ

പറഞ്ഞിരിക്കുന്ന രേഖകളും, ഹാൾടിക്കറ്റും അപ്‌ലോഡ് ചെയ്യേണ്ടതും, ചെലാൻ നമ്പർ ഉപയോഗിച്ച് ചെലാൻ fetch ചെയ്യുകയോ, അതിനു സാധിച്ചില്ലെങ്കിൽ ചെലാൻ അപ്‌ലോഡ് ചെയ്യുകയോ ചെയ്ത് Institution Level Approver-ക്ക് Forward ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ Forward ചെയ്യുന്ന അപേക്ഷകൾ Institution Level Approver – ൻറെ ലോഗിനിൽ ലഭ്യമാകുന്നതാണ്.

- Institution Level Approver – ൻറെ ലോഗിനിൽ ലഭ്യമായ അപേക്ഷകൾ അതാത് പ്രിൻസിപ്പൽമാർ Condonation മെനുവിൽ പ്രവേശിച്ച് പരിശോധിക്കേണ്ടതും, ഇത്തരത്തിൽ പരിശോധിച്ച അപേക്ഷകൾ Reject ചെയ്യേണ്ടവ കൃത്യമായ കാരണം രേഖപ്പെടുത്തി Reject ചെയ്യേണ്ടതും, ശരിയായ അപേക്ഷകൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് forward ചെയ്യേണ്ടതുമാണ്.
- മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ടി അപേക്ഷകൾ Condonation എന്ന മെനു വഴി പരിശോധിച്ച് ആവശ്യമായ നടപടികൾ (Approval, Rejection) സ്വീകരിക്കേണ്ടതാണ്.
- മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകരിച്ച അപേക്ഷകളുടെ Condonation ഉത്തരവ് Institution Level Approver – ൻറെ ലോഗിനിൽ ലഭ്യമാകുന്നതാണ്.
- മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ Condonation നിരസിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ പ്രിൻസിപ്പൽമാർ 20 /02 /2026 തിയതിക്കുള്ളിൽ പരീക്ഷാ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.
- രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് 31/12/2025 വരെയുള്ള അധ്യയനദിനങ്ങൾ കണക്കിലെടുത്തും, ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 31/01/2026 വരെയുള്ള അധ്യയനദിനങ്ങൾ കണക്കിലെടുത്തും ഹാജർ ശതമാനം കാണേണ്ടതാണ്. എല്ലാ അപേക്ഷയിലും ഈ കണക്ക് രേഖപ്പെടുത്തി വിദ്യാർത്ഥിയുടെ ഹാജർ ശതമാനം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

Dr K MANICKARAJ
JOINT DIRECTOR
16-01-2026

Digitally signed by
K Manickaraj
Date: 16-01-2026
12:51:48